**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3333** **26-06-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളിലെ താൽക്കാലിക അധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഈ വർഷം പൊതുവിദ്യാലയങ്ങളിൽ എത്ര താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്; | (എ) | തസ്തിക നിർണ്ണയം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഒഴിവുള്ള തസ്തികയുടെ വിവരം അറിയുവാൻ സാധിക്കുകയുള്ളൂ |
| (ബി) | ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത്; | (ബി) | താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് 14.08.2002 – ലെ സ.ഉ(അച്ചടി)249/2002/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരമാണ്. |
| (സി) | പ്രസ്തുത താൽക്കാലിക അദ്ധ്യാപകരെ നിയമിക്കുന്നത് സംബന്ധിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | ഇല്ല. എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമിച്ചിരുന്നപ്പോൾ ജില്ലാതലത്തിൽ നിയമനം നടത്താനുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ടത് മൂലം കൂടുതൽ സമയം ആവശ്യമായിരുന്നതിനാൽ വിദ്യാർത്ഥികൾക്ക് യഥാസമയം അധ്യാപകരെ ലഭിക്കാത്ത സ്ഥിതി ഉണ്ടായി. അത് പരിഹരിക്കുന്നതിനാണ് 14.08.2002 ലെ സ.ഉ(അച്ചടി)249/2002/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് വ്യവസ്ഥകൾ പ്രകാരം ദിവസവേതനത്തിൽ സ്കൂൾ തലത്തിൽ നിയമനം നടത്തുന്നത്. |
| (ഡി) | കഴിഞ്ഞവർഷം പൊതുവിദ്യാലയങ്ങളിൽ താൽക്കാലിക നിയമനങ്ങൾക്കായി എത്ര അദ്ധ്യാപകരെ തെരഞ്ഞെടുത്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) | പ്രസ്തുത നിയമനങ്ങൾ നടത്തുമ്പോൾ സംവരണ തത്വം പാലിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കാമോ? | (ഇ) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ